**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.732** **3/11/2011-ൽ മറുപടിയ്ക്ക്**

**പുതിയ തൊഴിൽ മേഖലകളെ ഇ.എസ്.ഐ. പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ദാസൻ :<br>ശ്രീ. എസ്.രാജേന്ദ്രൻ :<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ :<br>ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. ഷിബുബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ ഏതെങ്കിലും മേഖലയിലെ തൊഴിലാളികളെ പുതുതായി ഇ.എസ്.ഐ.യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ഇതിനായി പരിഗണനയിലുള്ള നിർദ്ദേശങ്ങൾ ഏതൊക്കെയാണ് ; | (ബി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ഇ.എസ്.ഐ.യുടെ പരിധിയിൽപ്പെട്ട സ്ഥാപനങ്ങളെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഇതിനുള്ള മാനദണ്ഡം എന്താണ് ; ഇതിനായി എത്ര അപേക്ഷകൾ ഉണ്ട് ? | (സി) കെ.എസ്.ആർ.ടി.സി., കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവയെ 1/10/2011 മുതൽ 30/9/2012 വരെയും മാതാ അമൃതാനന്ദമയി മഠത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ 6/1/2011 മുതൽ 5/1/2012 വരെയും ഇ.എസ്.ഐ. പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇ.എസ്.ഐ. നൽകുന്ന ആനുകൂല്യങ്ങളെക്കാളും ഉയർന്ന ആനുകൂല്യങ്ങൾ നൽകുന്ന സ്ഥാപനങ്ങളെയാണ് ഇ.എസ്.ഐ. യുടെ പരിധിയിൽ നിന്നും ഒഴിവാക്കുന്നത്. ഇ.എസ്.ഐ. യുടെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള 8 അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ